**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2159** **21-06-2024 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ആർദ്രം പദ്ധതി പ്രകാരം പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ 9 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോസ്ഥാപനത്തിലും ചെലവഴിച്ച തുക, നടപ്പാക്കിയ പ്രവർത്തനങ്ങൾ, അവയുടെ നിലവിലെ സ്ഥിതി തുടങ്ങിയ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ആരോഗ്യ സ്ഥാപനങ്ങളിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ആയതിലേക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു. |
| (സി) | പൂഞ്ഞാർ മണ്ഡലത്തിൽ ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളാക്കി മാറ്റിയ സബ് സെന്ററുകളിലെ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ? | (സി) | പൂഞ്ഞാർ നിയോജകമണ്ഡല പരിധിയിൽ വരുന്ന 8 സബ് സെന്ററുകളെയാണ് ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ ആയി ( ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ) മാറ്റിയിട്ടുള്ളത്. അതിൽ മയിലാഞ്ചിപ്പാറ, കുണ്ടൂർ, മെയിൻ സെന്റർ പൂഞ്ഞാർ,മെയിൻ സെന്റർ ജി വി ആർ പൂഞ്ഞാർ, മെയിൻ സെന്റർ മുണ്ടക്കയം എന്നിവിടങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയിട്ടുണ്ട്. പഴുത്തടം, മുരിക്കും വയൽ, പേരൂർതോട് എന്നിവിടങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ